14-ാം കേരള നിയമ സഭ

4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2103** **07.03.2017-ൽ മറുപടിയ്ക്ക്**

## നാഷണൽ മെഡിക്കൽ കമ്മീഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ മേഖലയെ നിയന്ത്രിക്കുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് (എം.സി.ഐ.) പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നിട്ടുണ്ടോ; | (എ) നിലവിൽ വന്നിട്ടില്ല. |
| (ബി) ആരോഗ്യ മേഖലയിൽ കോർപ്പറേറ്റുകൾക്ക് വഴിയൊരുക്കുവാനാണ് ഈ സംവിധാനം കൊണ്ടുവരുന്നതെന്ന് ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഈ വിഷയത്തിൽ കേരളത്തിലെ ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും ആശങ്ക കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>(ഡി) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത അവസ്ഥ വരുമെന്നുള്ള കാര്യം പരിശോധിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ ? | (ബി) (സി) & (ഡി) 08.09.2016 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ വച്ച് നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ